നംപർ.സി.ബി(4)39087/10.

സഹകരണസംഘം രജിസ്ട്രാർ ആഫീസ്,
തിരുവനന്തപുരം, തീയതി-.06-01-2011.

E-mail-keralarcs@gmail.com
website.www.cooperation.kerala.gov.in
Telephone No. 0471-2330726

**സർക്കുലർ നംപർ 2 / 2011**

വിഷയം- സഹകരണ വകുപ്പ്- പ്രാഥമിക സഹകരണ സംഘങ്ങൾക്ക് ജില്ലാ സഹകരണ ബാങ്കുകളിലുള്ള സേവിംഗ്സ് ബാങ്ക് അക്കൗണ്ടുകളിൽ നിയന്ത്രണം ഏർപ്പെടുത്തുന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത്- സംബന്ധിച്ച്.

സൂചന- 1) ഈ ഓഫീസിലെ 22-9-2010-ലെ സി.ബി(4) 39087/2010 നംപർ കത്ത്.

2) 27-12-2010-ൽ ബഹുമാനപ്പെട്ട സഹകരണ വകുപ്പു മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന സെൻട്രൽ ബാങ്ക്സ് കോൺഫറൻസ് തീരുമാനം.

.........

സേവിംഗ്സ് ബാങ്ക് അക്കൗണ്ടുകൾക്ക് 01-4-2010 മുതൽ ഡെയിലി ബാലൻസിൻമേൽ പലിശ നൽകുന്നതിന് റിസർവ്വ് ബാങ്ക് നിർദ്ദേശം പുറപ്പെടുവിച്ചിട്ടുള്ളതാണ്. എന്നാൽ ചില പ്രാഥമിക സഹകരണ സംഘങ്ങൾ തങ്ങളുടെ ദൈനംദിന ബിസിനസ് ഇടപാടുകൾ, ടി സംഘങ്ങൾക്ക്, ജില്ലാ ബാങ്കിലുള്ള കറന്റ് അക്കൗണ്ടുകളിലൂടെ നടത്തുന്നതിന് പകരം, തങ്ങളുടെ നിക്ഷേപ/ബിസിനസ് ഇടപാടുകൾ എല്ലാം തന്നെ ജില്ലാ സഹകരണ ബാങ്കിലുള്ള സേവിംഗ്സ് ബാങ്ക് അക്കൗണ്ടുകളിലൂടെ നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിരിക്കുന്നു. ഈ അനാരോഗ്യപരമായ പ്രവണത കാരണം ജില്ലാ സഹകരണ ബാങ്കുകളിലെ നിക്ഷേപത്തിന്റെ ആവറേജ് കോസ്റ്റ് വർദ്ധിക്കുകയും ബാങ്കുകളുടെ നെറ്റ് ഇന്ററസ്റ്റ് മാർജിൻ കുറയുകയും ചെയ്യുമെന്ന് സെൻട്രൽ ബാങ്ക്സ് കോൺഫറൻസ്, വിലയിരുത്തിയതിന്റെ അടിസ്ഥാനത്തിൽ പ്രാഥമിക സഹകരണ സംഘങ്ങൾക്ക് ജില്ലാ സഹകരണ ബാങ്കുകളിലുള്ള സേവിംഗ്സ് ബാങ്ക് അക്കൗണ്ടുകൾ കൈകാര്യം ചെയ്യുന്നത് സംബന്ധിച്ച് ചുവടെ ചേർക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1) പ്രാഥമിക സഹകരണ സംഘങ്ങൾ, ജില്ലാ സഹകരണ ബാങ്കുകളിൽ നിക്ഷേപിക്കുന്ന സേവിംഗ്സ് ബാങ്ക് അക്കൗണ്ടുകളിൽ നിന്നും ഒരു മാസം പരമാവധി പത്ത് തവണകളിൽ കൂടുതൽ നിക്ഷേപങ്ങൾ പിൻവലിക്കാൻ അനുവദിക്കുന്നതല്ല. ടി പരിധിയിൽ കൂടുതലുള്ള പിൻവലിക്കലുകൾക്ക് അതാത് ജില്ലാ സഹകരണ ബാങ്കുകൾക്ക് സർവീസ് ചാർജ് ഈടാക്കാവുന്നതാണ്.

2) പ്രാഥമിക സഹകരണ സംഘങ്ങൾ ജില്ലാ സഹകരണ ബാങ്കുകളുമായി നടത്തുന്ന ബിസിനസ് ഇടപാടുകൾ കറന്റ് അക്കൗണ്ടുകൾ മുഖേന മാത്രമേ നടത്താൻ അനുവദിക്കുകയുള്ളു.

3) ബിസിനസ് ഇടപാടുകൾ സേവിംഗ്സ് ബാങ്ക് അക്കൗണ്ടുകൾ വഴി നടത്തിയാൽ പലിശ നൽകുന്നതല്ല.

ടി നിർദ്ദേശങ്ങൾ, എല്ലാ സഹകരണ സംഘങ്ങളുടെയും ശ്രദ്ധയിൽപ്പെടുത്തുന്നതിൽ ബന്ധപ്പെട്ട വകുപ്പ് ഉദ്യോഗസ്ഥർ നടപടി സ്വീകരിക്കേണ്ടതാണ്

(ഒപ്പ്)

റാണിജോർജ്ജ്. ഐ.എ.എസ്
സഹകരണസംഘം രജിസ്ട്രാർ

<u>പകർപ്പ്:-</u>

1. മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന സഹകരണ ബാങ്ക്, തിരുവനന്തപുരം.
2. ജനറൽ മാനേജർ, എല്ലാ ജില്ലാ സഹകരണ ബാങ്കുകളും
3. എല്ലാ ജില്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ) മാർക്കും.
4. എല്ലാ ജില്ലാ ജോയിന്റ് ഡയറക്ടർ (ആഡിറ്റ്) മാർക്കും.
5. ജോയിന്റ് രജിസ്ട്രാർ/സമകാലീന ആഡിറ്റർ, കേരള സംസ്ഥാന സഹകരണ ബാങ്ക്, ജില്ലാ സഹകരണ ബാങ്കുകൾ
6. എല്ലാ അസിസ്റ്റന്റ് രജിസ്ട്രാർ(ജനറൽ) മാർക്കും, [ജില്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ) മുഖേന]
7. എല്ലാ അസിസ്റ്റന്റ് രജിസ്ട്രാർ (ആഡിറ്റ്) മാർക്കും, [ജില്ലാ ജോയിന്റ് ഡയറക്ടർ (ആഡിറ്റ്) മുഖേന]
8. എല്ലാ പ്രാഥമിക വായ്പാ സഹകരണ സംഘങ്ങൾക്കും/ ബാങ്കുകൾക്കും (ജോയിന്റ് രജിസ്ട്രാർ (ജനറൽ) മുഖേന
9. സെക്രട്ടറി, സംസ്ഥാന സഹകരണ യൂണിയൻ, തിരുവനന്തപുരം.
10. സഹകരണ സംഘം രജിസ്ട്രാറുടെ മേശമേൽ.
11. സഹകരണ സംഘം രജിസ്ട്രാർ ആഫീസിലെ എല്ലാ ഓഫീസർമാർക്കും/ സെക്ഷൻ സൂപ്രണ്ടുമാർക്കും
12. എഡിറ്റർ, സഹകരണ വീഥി
13. സ്റ്റോക്ക് ഫയൽ
14. വെബ്സൈറ്റ്
15. സ്പെയർ

//ആജ്ഞാനുസരണം//

അസിസ്റ്റന്റ് രജിസ്ട്രാർ (സി.ബി)

എസ്.